(സി) (എ) യിൽ പറയുന്ന സ്ഥാപനങ്ങൾക്കുപുറമേ കെ.എസ്.ഐ. ഡി.സി യുടെ സഹായത്തോടെ താഴെപ്പറയുന്ന യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നു.

1) കോശീസ് ഇലക്ട്രോണിക്സ് ലിമിറ്റഡ്

2) ഇൻഡസ്ട്രിയൽ അക്യുമിലേറ്റേഴ്സ് ലിമിറ്റഡ്

3) ശ്രീ. ശ്രീനിവാസ് വീറ്റ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡം.

4) യുണൈറ്റഡ് വീനേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്)

5) വുഡ് സിസ്റ്റംസ് (ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്.

6) വീനേഴ്സ് ആന്റ് ലാമിനേഷൻസ് (ഇന്ത്യ) ലിമിറ്റഡ്.

(ഡി) ഗ്രോത്ത് സെന്ററിന് കുറഞ്ഞത് 250 ഏക്കർ സ്ഥലമെങ്കിലും ആവശ്യമാണ്. ഇത്രയും സ്ഥലം ലഭ്യമല്ലാത്തതിനാൽ പത്തനംതിട്ടയിൽ ഗ്രോത്ത് സെന്റർ ആരംഭിക്കാനുള്ള നടപടി ഉപേക്ഷിച്ചു. വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ പുതുതായി സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല. ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ആ സ്കീം തന്നെ കേന്ദ്രഗവൺമെന്റ് നിർത്തിവച്ചു. പുതുതായി ഒരു പൊതുമേഖലാ സ്ഥാപനവും തുടങ്ങാൻ സർക്കാരിന് ഇപ്പോൾ പരിപാടിയില്ല.

257 (1436) കുന്നത്തുനാട്ടിൽ റബ്ബർ പാർക്ക്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട്ടിൽ റബ്ബർ പാർക്ക് വ്യവസായം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രവർത്തനം തുടങ്ങിയിട്ട് രണ്ടു വർഷമായിട്ടും ഇതുവരെയും ഭൂമി ഏറ്റെടുക്കൽ നടപടി ഒരു ഘട്ടത്തിലും എത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് പറയുമോ;

(ഡി) ഇതിന്റെ ഭാഗമായി പ്രാഥമിക നടപടിയായി നോട്ടീസ് പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സമീപത്തുള്ള പാവപ്പെട്ടവരായ ഭൂഉടമകൾക്കുണ്ടായിട്ടുള്ള ഭയാശങ്ക ദൂരീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏറ്റെടുത്ത 59 ഏക്കറിൽ 42 ഏക്കർ ഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഭൂമി നിരപ്പാക്കൽ, റോഡ് കെട്ടിട നിർമ്മാണം ജലവിതരണം എന്നീ പണികൾ വളരെ വേഗത്തിൽ നടന്നുവരുന്നു. 2000 ആഗസ്റ്റിനു മുമ്പ് പണി തീരുമെന്നാണ് പ്രതീക്ഷ. ആകെയുള്ള 110 ഏക്കറിൽ ഇനി ഏറ്റെടുക്കാനുള്ള 50 ഏക്കറോളം ഭൂമിയുടെ ഏറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് അവിടെയും പണി ആരംഭിക്കുന്നതാണ്.

(ബി) ഭൂമിയുടെ വിശദമായ വില നിർണ്ണയം പൂർത്തിയാക്കിക്കഴിഞ്ഞു. ഭൂവുടമകളുടെ പരാതികൂടി കേട്ടശേഷം അന്തിമവില നിശ്ചയിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

താണ്. രണ്ടു മാസത്തിനകം സ്ഥലം പൂർണ്ണമായും ഏറ്റെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി)&(ഡി) നിയമപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തിയാക്കാനുള്ളതുകൊണ്ടാണ് താമസം വരുന്നത്. ഏറ്റെടുക്കൽ വൈകുന്നതുകൊണ്ട് ഭൂഉടമകൾക്കുള്ള വിഷമം ദൂരീകരിക്കാനായി 2000 ഫെബ്രുവരി/മാർച്ചിനു മുമ്പു തന്നെ സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

258 (1437) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

ശ്രീ. മാത്യു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നത് റാന്നി നിയോജകമണ്ഡലത്തിൽ നിന്നാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ താലൂക്ക് കേന്ദ്രീകരിച്ച് ഒരു റബ്ബർ അധിഷ്ഠിത യൂണിറ്റ് പോലും ആരംഭിച്ചിട്ടില്ല. എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പത്തനംതിട്ട ജില്ലയിൽ ഗ്രോത്ത് സെന്റർ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി)&(സി) റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഊന്നൽ വ്യവസായ മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ വ്യവസായനയത്തിലൂടെ ട്രസ്റ്റ് സെക്ടർ വ്യവസായങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി നൂതനമായ അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ ഓരോ മേഖലയിലും നടപ്പാക്കിവരുന്നു. ഈ മേഖലയുടെ വികസനത്തിനും ഗവേഷണം സാങ്കേതികവിദ്യ എന്നിവയ്ക്കും സഹായകരമാവുന്ന പദ്ധതികളും വിഭവസമാഹരണം, വിപണനം, കയറ്റുമതി എന്നിവയ്ക്കുമായി പ്രത്യേക സഹായങ്ങളും നൽകുന്നതാണ്.

(ഡി) ഗ്രോത്ത് സെന്റർ തുടങ്ങുന്നതിനാവശ്യമായ 250 ഏക്കർ ഭൂമി പത്തനംതിട്ട ജില്ലയിൽ ലഭ്യമല്ലാത്തതുകൊണ്ട് പ്രസ്തുത പദ്ധതി ഉപേക്ഷിച്ചു.

259 (1438) കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കിൻഫ്രാ പ്രോജക്ട്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മഴുവന്നൂർ പഞ്ചായത്തിൽ 'കിൻഫ്ര' ഏറ്റെടുത്തിരിക്കുന്ന വീട്ടൂർ ഉള്ള സ്ഥലത്ത് എന്തെല്ലാം വ്യവസായങ്ങൾ ആണ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly